# കേരളസർവകലാശാല

നം.പി.ആർ.183/2023 തിരുവനന്തപുരം, തീയതി: 09/09/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം - 2023
### സ്പോട്ട് അലോട്ട്മെന്റ്

### ആലപ്പുഴ മേഖലയിലെ കോളേജുകളിലേയ്ക്ക് സെപ്റ്റംബർ 11 നും കൊല്ലം മേഖലയിലെ കോളേജുകളിലേയ്ക്ക് സെപ്റ്റംബർ 12, 19 തീയതികളിലും തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേയ്ക്ക് സെപ്റ്റംബർ 14, 15, 16 തീയതികളിലും

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിദ്യാർത്ഥി അവസാനമായി പങ്കെടുത്ത അലോട്ട്മെന്റിൽ നൽകിയ ആദ്യ അഞ്ച് ഓപ്ഷനുകളിൽ ഏതെങ്കിലും ഒരു കോളേജിൽ അഡ്മിഷൻ ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ (എസ്.സി/എസ്.ടി വിഭാഗക്കാർ ഒഴികെ) ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കു ന്നതല്ല.

ബി.എ. വിഷയങ്ങളിലേക്ക് 2023 സെപ്റ്റംബർ 13 തീയതിയിൽ കൊല്ലം എസ്.എൻ. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ 2023 സെപ്റ്റംബർ 19 ലേക്ക് മാറ്റി നിശ്ചയിച്ചിരിക്കുന്നു. മറ്റ് തീയതികളിൽ മാറ്റമില്ല. പുതുക്കിയ ഷെഡ്യൂൾ ചുവടെ ചേർത്തിരിക്കുന്നു.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| ആലപ്പുഴ | സെപ്റ്റംബർ 11 | എല്ലാ പ്രോഗ്രാമുകളും | മാർ ഗ്രിഗോറിയസ് കോളേജ് , പുന്നപ്ര |
| കൊല്ലം | സെപ്റ്റംബർ 12 | B.Sc, B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | എസ്. എൻ. കോളേജ്, കൊല്ലം. |
| | സെപ്റ്റംബർ 19 | BA | |
| തിരുവനന്തപുരം | സെപ്റ്റംബർ 14 | B.Com, BCA, BBA, BSW, B.Voc, BMS | കേരള സർവകലാശാല |

| | | | |
|---|---|---|---|
| | | (Hotel Management) | സെനറ്റ് ഹാൾ, പാളയം തിരുവനന്തപുരം |
| | സെപ്റ്റംബർ 15 | B.Sc | |
| | സെപ്റ്റംബർ 16 | BA | |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പെക്ടസ് പേജ് നം. 70 കാണുക) ഒഴിവുള്ള എസ്.സി /എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850/- രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയ്യിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in/ug2023/) പ്രസിദ്ധീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**